**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1373** **07-10-2021 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് ഹയർ സെക്കന്ററി വിഭാഗം റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിലെ പരാതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ഹയർ സെക്കന്ററി വിഭാഗം റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിനെക്കുറിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; പരാതി എന്താണെന്ന് വ്യക്തമാക്കാമോ; ഈ കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദീകരിക്കാമോ; | (എ) | ലഭിച്ചിട്ടുണ്ട്. ഹയർ സെക്കന്ററി കോഴിക്കോട് മേഖല ഉപഡയറക്ടറുടെ ഓഫീസിലെ സീനിയർ ക്ലർക്ക് ശ്രീമതി. സെറീന.കെ.ജി ഔദ്യോഗിക ആവശ്യങ്ങൾക്കായി ഓഫീസിലെത്തുന്ന ശ്രീമതി. ശാലിനി കെ.പി. എന്ന ലാബ് അസിസ്റ്റന്റിനെ മാനസികമായി പീഡിപ്പിക്കുന്നു എന്നായിരുന്നു പരാതി. പ്രസ്തുത പരാതിയിന്മേൽ വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി പൊതുവിദ്യാഭ്യാസ ഡയറക്ടർ, കോഴിക്കോട് മേഖല ഉപമേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | ഈ ഓഫീസിനെക്കുറിച്ച് മുൻകാലങ്ങളിൽ ലഭിച്ച പരാതികളിൽ അന്വേഷണം നടന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ; | (ബി) | നടന്നിട്ടുണ്ട്. 2019-ൽ ടി വിഷയത്തിൽ പരാതി ലഭിക്കുകയും ആയതിന്മേൽ കോഴിക്കോട് ഹയർ സെക്കണ്ടറി മേഖലാ ഉപഡയറക്ടർ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പരാതിയിൽ കഴമ്പില്ലായെന്നാണ് അന്വേഷണ റിപ്പോർട്ടിൽ കണ്ടെത്തിയിട്ടുള്ളത്. ഇക്കാര്യം 31.07.2021-ലെ 313/റ്റി3/2019/പൊ.വി.വ. കത്ത് പ്രകാരം പരാതിക്കാരനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | മറ്റ ആർ.ഡി.ഡി. കളിൽ നിന്നും വ്യത്യസ്തമായി അദ്ധ്യാപകരുടെയും മറ്റ ജീവനക്കാരുടെയും സർവ്വീസിനെ ദോഷകരമായി ബാധിക്കുന്ന വിധത്തിൽ കോഴിക്കോട് ഓഫീസിൽ നിന്നും ഇറങ്ങുന്ന ഉത്തരവുകൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഈ കാര്യങ്ങളെ കുറിച്ച് വകുപ്പുതല അന്വേഷണത്തിന് നടപടി സ്വീകരിക്കുമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ